LIBRARY ARCHIVES Kerala Legislative Assembly

മാനന്തവാടി അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക്

155 (4543) ശ്രീ ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ നിലവിൽ എന്തെല്ലാം പദ്ധതികളാണ് നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ?

മാനന്തവാടി കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ നിലവിൽ 186 മണിക്കൂർ ദൈർഘ്യമുള്ള കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ടെയ്നർ എന്ന കോഴ്സ് നടന്നുവരുന്നു.

(ബി) പ്രസ്തുത സ്കിൽ പാർക്കിൽ ഇപ്പോൾ എന്തെല്ലാം കോഴ്സുകളാണ് നടക്കുന്നതെന്ന് അറിയിക്കാമോ; ഏതു കൂട്ടികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ടെയ്നർ പ്രോഗ്രാമിൽ നിലവിൽ 22 വിദ്യാർത്ഥികൾ പങ്കെടുക്കുന്നു.

(സി) പ്രസ്തുത സ്ഥാപനത്തിൽ പഠന സൗകര്യമൊരുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ നടന്നുവരുന്ന കോഴ്സിനോടൊപ്പം മറ്റു തൊഴിൽ മേഖലകളിലുള്ള നൈപുണ്യ പരിശീലന പദ്ധതികൾക്കായുള്ള തയ്യാറെടുപ്പുകൾ പുരോഗമിക്കുന്നു.

അസാപിന്റെ പ്രവർത്തനങ്ങൾ

156 (4544) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസാപ് മുഖേന നടപ്പിലാക്കിവരുന്ന വിവിധ പരിശീലന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സ്കൂൾ, കോളേജുകളിലായി 121 സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ, 99 എഞ്ചിനീയറിംഗ് കോളേജുകൾ, 45 പോളിടെക്നിക്കുകൾ എന്നിവിടങ്ങളിലെ അഡ്വാൻസ്ഡ് സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ (ASDCs) എന്നിവ വഴി, പ്രൊഫഷണൽ സ്കിൽസ്, സോഷ്യൽ സ്കിൽസ് സംരംഭകത്വം, ജീവിത നൈപുണി എന്നീ മേഖലകളിൽ പരിശീലനം നൽകിവരുന്നു. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും തൊഴിൽ പരിശീലനത്തിനാവശ്യമായ അവസരം 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ വഴി നൽകുന്നു. അവയിൽ 9 കമ്മ്യൂണിറ്റി സ്കിൽ